# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *219 — 18.02.2016 -ൽ മറുപടിക്ക്

## ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ :<br>,, എം. എ. ബേബി :<br>,, കെ. വി. വിജയദാസ് :<br>ശ്രീമതി. കെ. കെ. ലതിക : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിന് കേന്ദ്രവിഹിതം മുഴുവനായി ലഭിക്കാൻ 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനം കുടിശ്ശികയാക്കിയ വിഹിതം അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ; | (എ) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനം കുടിശ്ശികയാക്കിയ വിഹിതവും കൂടാതെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ച 120 കോടി രൂപയും ചേർത്ത് എൻ.എച്ച്.എം അപേക്ഷ സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിനെ തുടർന്ന് 2015-16 വർഷത്തെ സംസ്ഥാന വിഹിതമായി 70 കോടി രൂപ സംസ്ഥാന സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാന വിഹിതം കുടിശ്ശികയാക്കിയത് മിഷൻ നടപ്പാക്കുന്ന വിവിധ പരിപാടികളെ എങ്ങനെ ബാധിച്ചുവെന്ന് വിശദീകരിക്കുമോ ; | (ബി) മിഷൻ നടത്തിപ്പിന് കേന്ദ്രം അംഗീകരിക്കുന്നതിന്റെ 75 ശതമാനം വിഹിതം മാത്രമാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കാറുള്ളത്. ഇതിൽ അവസാന ഗഡു ഓഡിറ്റ് റിപ്പോർട്ടിന്റെയും സംസ്ഥാന വിഹിതത്തിന്റെ ലഭ്യതക്കനുസരിച്ചും മറ്റു ചില മാനദണ്ഡങ്ങൾക്കനുസരിച്ചും ആണ് അനുവദിക്കാറുള്ളത്. ഇതിൻ പ്രകാരം കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ള സംസ്ഥാന വിഹിതം മുഴുവൻ ലഭിക്കാത്തത് കാരണം കേന്ദ്ര സഹായത്തിൽ കുറവു വരാറുണ്ട്. ഇതു കൊണ്ട് ചില ജനോപകാര പദ്ധതികളായ ജെ.എസ്.വൈ, ജെ.എസ്.എസ്.കെ, ആർ.ബി.എസ്.കെ എന്നീ പദ്ധതികളുടെ പേയ്മെന്റിന് താമസം വരുകയോ കുടിശ്ശിക വരുകയോ ചെയ്യാറുണ്ട്. ശമ്പളം, ആശമാരുടെ ഇൻസെന്റീവ് എന്നിവയും കുടിശ്ശിക വരാറുണ്ട്. ഇത് യഥാസമയം ഫണ്ട് വരുന്ന മുറയ്ക്ക് കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്. |

(......2)

| | |
|---|---|
| (സി) കേന്ദ്ര-സംസ്ഥാന വിഹിതം ആരോഗ്യ കുടുബക്ഷേമ സൊസൈറ്റിക്ക് കൈമാറുന്നതിനുണ്ടാകുന്ന കാലതാമസം കാരണം പല പദ്ധതികളും സമയബന്ധിതമായി നടപ്പാക്കാനാവുന്നില്ലെന്ന സബ്ജക്ട് കമ്മിറ്റി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ് ; | (സി) 2015-16 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ പേരിൽ ധന വകുപ്പ് നിർദ്ദേശിച്ച പ്രകാരം ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഇതിൻ പ്രകാരം ഫണ്ടുകൾ Ways and means -ന്റെ ക്ലിയറൻസ് നടപടികൾ ഇല്ലാതെ സൊസൈറ്റിക്ക് ലഭിക്കുന്നുണ്ട്. |
| (ഡി ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിനു ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്ന് തിട്ടമില്ലാത്ത അവസ്ഥയിൽ വിവിധ പരിപാടികൾ ഫലപ്രദമായി എങ്ങനെ നടപ്പാക്കുമെന്ന് അറിയിക്കാമോ ; പരിപാടികൾ അനവധാനതയോടെ നടപ്പാക്കുന്നതാണ് ആദിവാസി മേഖലയിൽ ശിശുമരണം ഉൾപ്പെടെയുള്ള സംഭവങ്ങൾക്കും വിവിധ തലങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ശോചനീയ സ്ഥിതിക്കും കാരണമാകുന്നതെന്ന ആക്ഷേപം സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ? | (ഡി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് ലഭിച്ച ഫണ്ടിനെ കുറിച്ച് വ്യക്തമായ രേഖകൾ ഉണ്ട്. ആദിവാസി മേഖലയിൽ ശിശുമരണം ഉൾപ്പെടെയുള്ള സംഭവങ്ങൾ തടയുന്നതിന് ദേശീയ ആരോഗ്യ ദൗത്യം ആരോഗ്യ വകുപ്പുമായി സംയോജിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ